# യോഹ. 16:16 - 24; മർക്കോ. 3:13 - 19

ഏപ്രിൽ 29 ഞായർ

## യോഹ:16: 16 - 24

### ഭാഷ്യം

### I. സന്ദർഭം

യേശുവിന്റെ പീഡാനുഭവ വിവരണത്തിനു (18:1-19:42) തൊട്ടുമുമ്പാണ് അന്ത്യത്താഴ വിരുന്നും തുടർന്നുള്ള വിടവാങ്ങൽ പ്രഭാഷണവും (13:1-17:26) യോഹന്നാൻ വിവരിക്കുന്നത്. ഈ അന്ത്യപ്രഭാഷണത്തിന്റെ ഭാഗമാണ് ഇന്നത്തെ സുവിശേഷം.

### II. പ്രമേയം

അല്പസമയം കഴിഞ്ഞാൽ എന്നെ കാണില്ല എന്നും വീണ്ടും അൽപം കഴിഞ്ഞാൽ കാണുമെന്നും യേശു പ്രഖ്യാപിക്കുന്നു (16:16). യേശുവിന്റെ മരണത്തെയും അതിനുശേഷമുള്ള ഉത്ഥാനത്തെയുമാണ് ഇതു സൂചിപ്പിക്കുന്നത്. ഉത്ഥിതന്റെ സാന്നിദ്ധ്യം തരുന്ന സന്തോഷത്തെയും തൃപ്തിയെയും കുറിച്ചാണ് യേശു ശിഷ്യരോട് സംസാരിക്കുന്നത്.

### III. സന്ദേശം

1. യേശു വീണ്ടും ശിഷ്യരെ കാണുമ്പോഴാണ് അവരുടെ ദുഃഖം സന്തോഷമായി മാറുന്നതെന്നാണ് പറയുന്നത്. ദുഃഖം മാറാനുള്ള വഴി ഇതു തന്നെയാണ്- യേശുവിനെ കണ്ടുമുട്ടുക. അവനെ കാണുകയും അവന്റെ കാഴ്ചവെട്ടത്ത് ആയിരിക്കുകയും ചെയ്യുമ്പോൾ നിന്റെ സങ്കടങ്ങൾ സന്തോഷമായി രൂപാന്തരപ്പെടും. അതിനാൽ ദുഃഖം നിന്റെ മനസ്സിനെ ഗ്രസിക്കുമ്പോഴെല്ലാം നീ യേശുവിന്റെ തിരുമുമ്പിലേക്ക് നിന്നെ കൊണ്ടുവരണം. അവന്റെ കാഴ്ചവട്ടത്ത് നിന്റെ ജീവിതത്തെ വയ്ക്കണം.

2. ആരും എടുത്തു കളയാത്ത സന്തോഷത്തെക്കുറിച്ചാണ് യേശു സംസാരിക്കുന്നത് (16:23). യേശുവിന്റെ സാന്നിധ്യം തരുന്ന സന്തോഷമാണത്. അതാണ് ഏറ്റവും വലിയ സന്തോഷം. മറ്റാർക്കും തട്ടിപ്പറിക്കാനും, നശിപ്പിക്കാനും കഴിയാത്ത വലിയ സന്തോഷം സ്വന്തമാക്കുന്നതിനായിരിക്കണം നിന്റെ വലിയ

പരിശ്രമം. അതായത് നിന്റെ ഉള്ളിലുള്ള ഉത്ഥിതന്റെ സാന്നിധ്യം തിരിച്ചറിയുക. നിന്റെ ചെറിയ സന്തോഷങ്ങൾപോലും തെളിച്ചമുള്ളതാകുന്നത് ഈ വലിയ സന്തോഷത്തിന്റെ വെളിച്ചത്തിലാണ്.

3. യേശുവിന്റെ നാമത്തിൽ പിതാവിനോട് ചോദിക്കണമെന്നാണ് അവൻ പഠിപ്പിക്കുന്നത് (16:23-24). ചോദിക്കുമ്പോൾ ലഭിക്കുന്നു; അതിലൂടെ നിന്റെ സന്തോഷം പൂർണമാകുകയും ചെയ്യുന്നു (16:24). ദൈവകരങ്ങളിൽ നിന്നു സ്വീകരിക്കുമ്പോഴാണ് നിന്റെ സന്തോഷങ്ങൾക്ക് പൂർണ്ണതയുണ്ടാകുന്നത്. നിന്റെ പരിശ്രമങ്ങൾ കൊണ്ട് നീ നേടുന്നതൊക്കെയും നിനക്കു തൃപ്തി തരും. എന്നാൽ അവയോടൊപ്പം ദൈവകരങ്ങളിൽ നിന്ന് കൈനീട്ടി സ്വീകരിക്കുക കൂടി ചെയ്താൽ നിനക്ക് പൂർണ്ണമായ തൃപ്തിയുണ്ടാകും. അതിനാൽ നിന്റെ അധ്വാനങ്ങളോടൊപ്പം ദൈവാനുഗ്രഹത്തെയും നീ കൂട്ടി ചേർക്കുക. പൂർണ്ണമായ സന്തോഷം ലഭിക്കാനുള്ള വഴിയിതാണ്.

# മർക്കോ. 3:13-19

## I. സന്ദർഭം

ദൈവം അയച്ച നസ്രത്തിലെ യേശുവിന്റെ (1:1-13) വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ദൈവത്തിന്റെ ഭരണം സമാഗതമാകുന്നു (1:14:3:6). ദൈവഭരണത്തിന്റെ രഹസ്യം ശിഷ്യർക്ക് യേശു വെളിപ്പെടുത്തിക്കൊടുക്കുന്നതാണ് 3:7 മുതൽ 8:29 വരെയുള്ള ഭാഗത്തെ പ്രമേയം. ഈ ഭാഗത്തിന്റെ ആരംഭത്തിലാണ് ഇന്നത്തെ സുവിശേഷഭാഗം (3:20-30).

## II. പ്രമേയം

യേശു പ്രഘോഷിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന ദൈവഭരണത്തിന്റെ രഹസ്യം (4:11-12) ചെറിയൊരു ഗണത്തിന് കൈമാറാനുള്ള ശ്രമത്തിന്റെ ആദ്യപടിയാണ് ഇന്നത്തെ വചനഭാഗം-പന്ത്രണ്ടുപേരെ തിരഞ്ഞെടുക്കുന്നു. സ്വന്തം ജീവനെതിരെ ഭീഷണി ഉയരുമ്പോഴാണ് (3:6) യേശു ശിഷ്യഗണത്തെ തിരഞ്ഞെടുക്കുന്നത്. യേശു അവരെ ഭരമേൽപ്പിക്കുന്ന ദൗത്യം സ്വന്തം ദൗത്യം തന്നെയാണു താനും.

## III. സന്ദേശം

1. കടൽത്തീരത്തു നിന്നാണ് (3:7) യേശു മലമുകളിലേക്ക് കയറുന്നത് (3:13). കടൽത്തീരത്ത് അവൻ നൽകുന്നത് രോഗശാന്തിയും അത്ഭുതങ്ങളുമാണ്. എന്നാൽ മലമുകളിലേക്ക് വിളിച്ചു കൂട്ടുന്ന ശിഷ്യഗണത്തിന് അവൻ നൽകുന്നത് കൂടെ ആയിരിക്കാനും സ്വന്തം ദൗത്യത്തിൽ പങ്കുപറ്റാനുമുള്ള വരമാണ് (3:14). ഏതാണ് വലിയ ഭാഗ്യം? സൗഖ്യം കിട്ടുന്നതാണോ, അതോ യേശുവിന്റെ കൂടെ ആയിരിക്കുന്നതും അവന്റെ ദൗത്യത്തിൽ പങ്കുപറ്റുന്നതുമാണോ? രണ്ടാമത്തേതാണെന്ന തിരിച്ചറിവിലാണ് നീ ക്രിസ്തുശിഷ്യ

നായിത്തീരുന്നത്. വലിയ ഭാഗ്യത്തെ തിരിച്ചറിയാനുള്ള കഴിവുണ്ടാകുകയാണ് പ്രധാനം.

2. പത്രോസ് എന്ന് അവൻ പേരു നൽകിയ ശിമയോൻ (3:16). യേശു ചിലർക്ക് പേരുകൾ മാറ്റിനൽകുന്നുണ്ട്. യേശു ഒരുവനെ സ്വന്തമാക്കുമ്പോൾ സംഭവിക്കുന്ന മാറ്റങ്ങളിലൊന്നാണിത്. ഉള്ളിലുണ്ടായ അടിസ്ഥാന മാറ്റത്തിന്റെ പ്രതീകവും അടയാളവുമാണ് പേരുമാറ്റം. നിനക്കു തന്നെ എത്ര പേരുകളാണ്. നിന്റെ ചിലപേരുകൾ ചിലർക്കു മാത്രം അവകാശപ്പെട്ടതാണ്. അത് മറ്റാരും വിളിക്കില്ല. അത് നീയും ആ വ്യക്തിയും തമ്മിലുള്ള പ്രത്യേക ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. അതിനാൽ നിന്റെ ചൊല്ലപ്പേരുകളെയും അതിന്റെ പിറകിലെ ബന്ധങ്ങളെയും നീ തിരിച്ചറിയുക; വളർത്തിയെടുക്കുക.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: ശിഷ്യനായിരിക്കുക - കൂടെയായിരിക്കുക

യേശു തന്റെ ഉറ്റശിഷ്യവലയത്തെ തെരഞ്ഞെടുക്കുന്ന ഭാഗമാണ് ഇന്നത്തെ സുവിശേഷത്തിൽ നാം കാണുന്നത്. ലോകത്തിൽ വിപ്ലവകരമായ മാറ്റമുണ്ടാക്കിയ അപ്പസ്തോലസമൂഹത്തിന്റെ 'ഫൗണ്ടേഷൻ ഡേ' ആണിന്ന്. ഉറ്റചങ്ങാതിമാരാക്കി കൂടെകൂട്ടാൻ തനിക്കിഷ്ടമുള്ളവരെ തമ്പുരാൻ വിളിക്കുന്നു. തനിക്കിഷ്ടമുള്ളവർ എന്ന് പറയുമ്പോഴും ആ ഇഷ്ടത്തിൽ, തന്നെ സംശയിക്കുന്നവനെയും നിഷേധിച്ചു പറയുന്നവനെയും ഒറ്റികൊടുക്കുന്നവനെയും ഉൾപ്പെടുത്തുന്നുവെന്നർത്ഥം. തന്റെ ഉറ്റവരാകാൻ അല്ലെങ്കിൽ ശിഷ്യരാകാൻ വിളിക്കുന്നത് മാനുഷികമായ സകല കുറവുകളുമുള്ളവരെയാണ്; തനി പച്ചമനുഷ്യൻമാരെ. നമ്മെ ശിഷ്യരാക്കി കൂടെ കൂട്ടുന്ന തമ്പുരാന്റെ ഇഷ്ടം. നമ്മൾ തിരിച്ചറിയണമെന്ന് മാത്രം.

ഈശോ ശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നത് പ്രധാനമായും 3 ദൗത്യങ്ങൾ നിറവേറ്റാൻ വേണ്ടിയാണ്.

1) കൂടെ ആയിരിക്കുക: - ശിഷ്യനാകുകയെന്നത് തമ്പുരാനോട് കൂടെയിരിക്കാനുള്ള ക്ഷണമാണ്. തൽക്കാലത്തേക്കല്ല; മറിച്ച് എപ്പോഴുമായിരിക്കാൻ. അവധിയില്ലാത്ത, ഇടവേളകളില്ലാത്ത, ഒരു കൂടെയായിരിക്കലാണത്. ശിഷത്വം ഗാഢമായ ഒരു ചങ്ങാത്തം സ്ഥാപിക്കലാണ്. ഗുരുവും ശിഷ്യനും തമ്മിൽ അത്രയും കാലം നിലനിന്നിരുന്ന ബന്ധത്തിന്റെ വിപ്ലവകരമായ ഒരു പൊളിച്ചെഴുത്ത് കൂടിയാണിത്. ഗുരു-ശിഷ്യബന്ധത്തിന്റെ അകലങ്ങളില്ലാതാക്കി, ഉള്ളടുപ്പം കൂട്ടിയത് അവന്റെ കാലത്താണ്. പരസ്പരം അത്രയ്ക്ക് ഇഷ്ടമുള്ളവർ കൂടെയായിരിക്കുമ്പോൾ മനസ്സിൽ നിറയുന്നത് വല്ലാത്ത ആനന്ദവും സംതൃപ്തിയും ആത്മവിശ്വാസവുമാണ്. കൂടെയായിരിക്കുന്ന ഒരോ നിമിഷവും വിലപ്പെട്ടതായി തോന്നും. ചെലവഴിക്കുന്ന സമയവും പെട്ടെന്ന് കടന്ന് പോകുന്നതായും തോന്നും.

തമ്പുരാന്റെ കൂടെയായിരിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ ഒരുവലിയ രാസമാറ്റം സംഭവിക്കും. പറഞ്ഞറിയിക്കാൻ പറ്റാത്ത വിധത്തിലുള്ള സന്തോഷവും നിറവും പ്രതീക്ഷയും ധൈര്യവും ജീവിതത്തിൽ നിറയും. സംതൃപ്തിയുടെ ഗ്രാഫ് ജീവിതത്തിൽ കുത്തനെ ഉയരുന്നതായി നമുക്ക് അനുഭവപ്പെടും. പ്രതിസന്ധികളെ അതിജീവിക്കാനുള്ള, പ്രശ്നങ്ങളെ നേരിടാനുള്ള, പ്രലോഭനങ്ങളെ കീഴ്പ്പെടുത്താനുള്ള കൃപകളും കരുത്തും ആവോളം ലഭിക്കും. ജീവിതം ക്രിസ്തുവിനോടൊപ്പം ചരിക്കാനാവശ്യമായ തിരിച്ചറിവുകളും ഉൾക്കാഴ്ച്ചകളും വെളിപ്പെട്ടുകിട്ടും.

യേശു തന്റെ കൂടെയായിരിക്കാൻ ക്ഷണിക്കുന്നത് എല്ലാത്തിലും പങ്കപറ്റാനുള്ള വിളിയാണ്. അവന്റെ ലോകം പങ്കിടുക, അവന്റെ മനോഭാവങ്ങൾ സ്വന്തമാക്കുക, അവന്റെ പ്രവർത്തനശൈലികൾ സ്വീകരിക്കുക, അവന്റെ ഇടപെടലുകളും നിലപാടുകളും തിരിച്ചറിയുക, അവന്റെ ആഭിമുഖ്യങ്ങളെ അനുവർത്തിക്കുക, അവന്റെ വഴികളെ പിന്തുടരുക, അവന്റെ സ്ഥാപനങ്ങളെ യാഥാർത്ഥ്യവൽക്കരിക്കുക. ചുരുക്കത്തിൽ അവനാകുന്ന പ്രപഞ്ചത്തിലേക്കുള്ള വാതായനമാണ് ശിഷ്യത്വം.

തമ്പുരാന്റെ ജീവിതപ്രപഞ്ചം സുഖസന്തോഷങ്ങളുടെ മാത്രം മായിക ലോകമല്ല. മറിച്ച്, സങ്കടങ്ങളുടെ ഗെത്സെമിനികളും, ഒറ്റപ്പെടലിന്റെ രാത്രികളും, മടുപ്പിക്കുന്ന  കുരിശുകളും നിറഞ്ഞതാണ്. അന്തിയുറങ്ങാൻ കുടെയില്ലാത്തവന്റെ പ്രപഞ്ചമാണത്. ഇവയെല്ലാത്തിലും അടിപതറാതെ ഭാഗഭാക്കാകുമ്പോഴെ ശിഷ്വത്വം നൂറുശതമാനവും ഒരു കൂടെയായിരിക്കലായി മാറുകയുള്ളൂ. നാറാണത്ത് ഭ്രാന്തനെക്കുറിച്ചുള്ള ഒരു കഥ ഇത്തരുണത്തിൽ സ്മരണീയമാണ്. നാറാണത്ത് ഭ്രാന്തനെ അനുഗമിക്കാൻ ഒരാളെത്തുന്നു. രണ്ടു പേരുംകൂടി ഒരു യാത്രയിലാണ്. പൊള്ളുന്ന വെയിലിൽ. ഒരിക്കൽ  ദാഹിച്ചപ്പോൾ അയാൾ ഒരു കുടിലിൽ കയറി. വീട്ടമ്മ കൈക്കുമ്പിളിൽ സംഭാരം ഒഴിച്ചുകൊടുത്തു. കുടിച്ചു, ശിഷ്യനും അപ്രകാരം. പിന്നെ ദാഹിച്ചപ്പോൾ ഒരു ചെത്തുകാരനെ കണ്ടു. അയാൾ കൈക്കുമ്പിളിൽ ഇളം കള്ളൊഴിച്ചു കൊടുത്തു. കുടിച്ചു, ശിഷ്യനും അപ്രകാരം. പിന്നെയും ദാഹിച്ചപ്പോൾ നാറാണത്ത് ഒരു മൂശാരിയുടെ ആലയിൽ കയറി. അയാളാകട്ടെ തിളച്ചുമറിയുന്ന ലോഹദ്രാവകമാണ് നാറാണത്തിന്റെ നീട്ടിയ കൈക്കുമ്പിളിലേയ്ക്ക് കോരിയൊഴിച്ചു കൊടുത്തത്. ഭ്രാന്തൻ അതും കുടിച്ചു. തന്റെ ഊഴത്തിന് നിൽക്കാതെ ശിഷ്യൻ ഓടി രക്ഷപ്പെട്ടു. ചിലർ ഗുരുക്കന്മാരിൽ  തിരയുന്നത് അവർ വച്ച് നീട്ടുന്ന സംഭാരതണുപ്പ്, മറ്റുചിലർ ഭക്തിയുടെ ലഹരി. അവർ അനുഭവിച്ച് കടന്ന് പോകുന്ന പൊള്ളലുകൾ മാത്രം ഒരു ശിഷ്യനും ആവശ്യമില്ല!

2) പ്രസംഗിക്കാൻ അയക്കപ്പെടുക: പ്രസംഗിക്കാൻ അയക്കപ്പെടുകയാണ് ഒരു ക്രിസ്തുശിഷ്യന്റെ നിയോഗവും കടമയും. യേശുവിനെ കൊടുക്കുന്നതായിരിക്കണം പ്രസംഗം. സുവിശേഷം കൈമാറ്റം ചെയ്യപ്പെടുന്ന രീതിക്ക്

പറയുന്ന പേരാണിത്. തന്നിൽ സംഭവിച്ച രാസമാറ്റം സാക്ഷ്യപ്പെടുത്തുന്ന തായിരിക്കണം. താൻ കണ്ട തമ്പുരാന്റെ ലോകം മറ്റുള്ളവർക്ക് പരിചയ പ്പെടുത്തിക്കൊടുക്കുന്ന വിധമായിരിക്കണമത്. തമ്പുരാന്റെ കൂടെയിരുന്നപ്പോൾ കിട്ടിയ സന്തോഷവും നിർവൃതിയും, പങ്കുവെക്കുന്നതായിരിക്കണമത്. ഒരുതരം ഇന്റൻസീവ് കമ്മ്യൂണിക്കേഷനാണിത്. യേശുവിനെ അനുഗമിക്കാൻ, സുവിശേഷം ജീവിക്കാൻ പ്രചോദിപ്പിക്കുന്നതെന്തും ഓരോ തരത്തിലുള്ള പ്രഘോഷണമാണ്. അതിന് വാക്കും, ജീവിതവും നിശബ്ദത പോലും ചാലക മായിമാറാം. മദർ തെരേസയെപ്പോലുള്ള സുവിശേഷം ജീവിച്ച ചുക്കിച്ചുളിഞ്ഞ ഒരു സ്ത്രീയുടെ നിശ്ശബ്ദസാന്നിദ്ധ്യംപോലും വിലമതിക്കാനാവാത്ത പ്രഘോ ഷണമായി മാറാം. കഠിനമായ രോഗാവസ്ഥയിൽ കുരിശിനെ അടക്കിപിടിച്ച് നിൽക്കുന്ന ജോൺപോൾ രണ്ടാമന്റെ ചിത്രം പ്രഘോഷണത്തിന്റെ വേറിട്ടൊരു ചിത്രമാകാം. തമ്പുരാന്റെ കൂടെയായിരുന്ന് സ്വന്തം ജീവിതത്തിൽ സാംശീകരി ച്ചതെന്തോ അത് ഉള്ളിൽ തട്ടി മറ്റൊരാൾക്ക് പങ്കുവെക്കുമ്പോഴാണ് അത് യഥാർത്ഥ പ്രഘോഷണമായി മാറുക. ഒരു നിധി കൈമാറ്റമാണത്.

3) പിശാചുക്കളെ ബഹിഷ്ക്കരിക്കുക: തമ്പുരാന്റെ കൂടെ ആയിരിക്കു മ്പോൾ നമുക്കുചുറ്റും അറിഞ്ഞോ അറിയാതെയോ ആത്മീയമായ ഒരു വലയം തീർക്കപ്പെടും. ഈ വലയത്തിനകം നന്മയുടെ ഊർജ്ജം നിറയും. വിശുദ്ധി യുടെ സുഗന്ധം മണക്കും. ആന്തരികമായ വെളിച്ചം പരക്കും. ചുരുക്കത്തിൽ നമ്മൾ ഒരു സ്പിരിച്ചൽ പവർഹൗസ് (Spiritual power house) ആയി മാറും. ഈ വലയം വീടിനകത്ത് ഉറുമ്പിനെയോ, പ്രാണികളെയോ മറ്റ് കീടങ്ങളെയോ ഓടിക്കാൻ എളുപ്പത്തിൽ ഒരു പ്രത്യേകതരം ചോക്കുകൊണ്ട് വരക്കുന്ന വരപോലെയാണ്. അതിനകത്തേക്ക് അരുതാത്തതിനൊന്നിനും പ്രവേശനമില്ല.

ദുഷ്ടരും പൈശാചികമായതുമൊക്കെ പുറത്ത്. തിന്മയുടെ ബന്ധങ്ങളൊ അടിമത്തങ്ങളൊ, ദുസ്വാധീനങ്ങളോ നമ്മുടെ ആത്മീയമായ പവർഹൗസിന്റെ മുൻപിൽ തകർക്കപ്പെടും. ഇവയോട് ആത്മീയമായി പോരാടാനും പ്രതി രോധിക്കാനുമുള്ള വലിയ ആത്മീയ കൃപയുടെ സംഭരണികളായി നമ്മൾ മാറും. അതാണ് സെഹിയോനിലും, മുരിങ്ങൂരിലും, ചിറ്റൂരിലും ഒരാഴ്ച ധ്യാനം കഴിഞ്ഞ് തിരിച്ച് വരുന്ന ഒരു വ്യക്തിയുടെ ജീവിതത്തിൽ സംഭവിക്കുന്നത്. കുറച്ച് നാളത്തേക്കെങ്കിലും എല്ലാ ദുഷ്ടതകളുടെയും ഭരണത്തെ പ്രതിരോ ധിക്കുന്ന അസാധാരണമായ ഒരു ശക്തി കൂടപ്പിറപ്പായി വന്നുകൂടുന്നു. സ്വന്തം ജീവിതത്തിലേയും മറ്റുള്ളവരുടെ ജീവിതത്തിലേയും പൈശാചിക മാനങ്ങളോട് പോരാടി ജയിക്കുവാനുള്ള ആത്മീയമായ കരുത്ത് നിറയുന്നു.

**ഫാ. ഷിനു ഉതുപ്പാൻ**